**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8 — 11.06.2012-ൽ മറുപടിയ്ക്ക്

## സർക്കാർ ഒരു വർഷത്തിനിടയിൽ നടപ്പാക്കിയ പദ്ധതികളുടെ അവലോകനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. പി.റ്റി. എ റഹീം<br>ശ്രീ. ആർ. രാജേഷ് | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |

| | |
|---|---|
| | (എ), (ബി) & (സി) |
| (എ) ഈ സർക്കാർ പിന്നിട്ട ഒരു വർഷത്തിനിടയിൽ ബജറ്റ്, നൂറ് ദിന പരിപാടികൾ, സപ്തധാര പദ്ധതികൾ തുടങ്ങിയ നിലയിൽ ജനങ്ങൾക്ക് നൽകിയ ഉറപ്പുകൾ ഓരോന്നും നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് മന്ത്രിസഭ അവലോകനം നടത്തുകയുണ്ടായോ :<br><br>(ബി) എങ്കിൽ അവലോകനം നടത്തിയത് എപ്പോഴായിരുന്നു; ജനങ്ങൾക്ക് നൽകിയ ഏതെങ്കിലും ഉറപ്പുകൾ പൂർണമായും നടപ്പാക്കാൻ സാധിച്ചതായി വിലയിരുത്തുകയുണ്ടായോ: | 2011-12-ലെ ബജറ്റിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച കാര്യം മന്ത്രിസഭ 2012 ഫെബ്രുവരി മാസത്തിൽ അവലോകനം നടത്തിയിരുന്നു. 100 ദിന പരിപാടികൾ നടപ്പിലാക്കിയതു സംബന്ധിച്ച് മന്ത്രിസഭ 2011 ആഗസ്റ്റ് മാസത്തിൽ അവലോകനം നടത്തിയിരുന്നു. നൂറു ദിന പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നതിൽ 6 എണ്ണം ഒഴികെ 101 പദ്ധതികളും പൂർത്തിയാക്കാനായി. സപ്തധാരാ പദ്ധതികൾ ഒരു വർഷം കൊണ്ട് നടപ്പാക്കേണ്ടവയാണ്. അതിലെ ഉറപ്പുകൾ നടപ്പാക്കിവരുന്നതേയുള്ളൂ. ഉറപ്പുകൾ നടപ്പാക്കി ആ വിവരം പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ ആ വിവരം കാര്യകാരണ സഹിതം വിശദീകരിക്കുന്നതാണ്. ബജറ്റ് നിർദ്ദേശങ്ങൾക്ക് പുറത്തുള്ള |

| | |
|---|---|
| (സി) ബജറ്റ് നിർദ്ദേശങ്ങൾക്ക് പുറത്തുള്ള ഉറപ്പുകൾ നടപ്പിലാക്കുന്നതിന് എന്ത് തുക അധികമായി കണ്ടെത്തേണ്ടതായി വന്നു; ഏതെല്ലാം നിലയിൽ അധികവിഭവസമാഹരണം നടത്തുകയുണ്ടായി; വിശദമാക്കാമോ ? | ഉറപ്പുകൾ പ്രധാനമായും വിവിധ തരത്തിലുള്ള ക്ഷേമ പദ്ധതികളാണ്. അധിക വിഭവ സമാഹരണം വേണ്ടിവരുന്ന കാര്യങ്ങളിൽ അതിനാവശ്യമായ തുക കണ്ടെത്തുന്നതിന് യുക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് കേന്ദ്ര സഹായം നേടിയെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**